# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് മൂന്ന്

## പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുത്തിക്കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കുന്നു

JL *Hymns*: ML308, ML168

തിരുവെഴുത്ത് വായന: മത്താ. 28:16-20

മത്താ. 28:16 പതിനൊന്നു ശിഷ്യന്മാരും ഗലീലയിലേക്കു, യേശു അവരോടു നിർദേശിച്ചതായ മലയിലേക്കു പോയി.

മത്താ. 28:17 അവനെ കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു, എങ്കിലും ചിലർ സംശയിച്ചു.

മത്താ. 28:18 യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

**I. "സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു"—മത്താ. 28:18:**

A. ദൈവം പരമാധികാരിയാണ്, അവന് എല്ലാ അധികാരവും ഉണ്ട്—റോമ. 9:20-21:

റോമ. 9:20 ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്ന് ചോദിക്കുമോ?

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

1. അധികാരം ദൈവത്തിന്റെ ആളത്തത്തിൽനിന്നു വരുന്നു—വെളി. 22:1.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

2. എല്ലാ അധികാരവും—ഭരണപരവും, സ്ഥാനപരവും, ആത്മികവും—ദൈവത്തിൽനിന്നും ഉത്ഭവിക്കുന്നു—ഉല്പ. 9:6; റോമ. 13:1-7; യോഹ. 19:10-11; 2 കൊരി. 10:8; 13:10.

ഉല്പ. 9:6 ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും; ദൈവത്തിന്റെ സ്വരൂപത്തിലല്ലോ മനുഷ്യനെ ഉണ്ടാക്കിയതു.

റോമ. 13:1 ഏത് വ്യക്തിയും തനിക്ക് മേലുള്ള അധികാരികൾക്ക് കീഴ്പ്പെട്ടിരിക്കട്ടെ, എന്തെന്നാൽ ദൈവത്തിൽനിന്നല്ലാതെ ഒരു അധികാരിയും ഇല്ല, ഉള്ളവരോ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാകുന്നു.

റോമ. 13:2 അതിനാൽ അധികാരിയെ ചെറുക്കുന്നവൻ ദൈവനിയോഗത്തെ എതിർക്കുന്നു, എതിർക്കുന്നവർ തങ്ങൾക്കുതന്നെ ന്യായവിധി വരുത്തും.

റോമ. 13:3 ഭരണാധികാരികൾ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രേ ഭീതിയാകുന്നത്. നീ അധികാരിയെ ഭയപ്പെടാതിരിക്കുവാൻ ഇച്ഛിക്കുന്നുവോ? നന്മയായത് ചെയ്യുക, നിനക്ക് അവനിൽനിന്ന് പ്രശംസ ഉണ്ടാകും;

റോമ. 13:4 അവൻ നിനക്ക് നന്മയ്ക്കായുള്ള ദൈവത്തിന്റെ സേവകൻ ആകുന്നു. എന്നാൽ നീ തിന്മയായത് ചെയ്യുന്നു എങ്കിൽ, ഭയപ്പെടുക; അവൻ വ്യർഥമായല്ല വാൾ വഹിക്കുന്നത്; അവൻ, തിന്മ പ്രവർത്തിക്കുന്നവനോട് ക്രോധത്തിനായി പ്രതികാരം ചെയ്യുന്ന, ദൈവത്തിന്റെ സേവകൻ ആകുന്നു.

റോമ. 13:5 അതുകൊണ്ട് ക്രോധം നിമിത്തം മാത്രമല്ല, മനസ്സാക്ഷി നിമിത്തവും കീഴ്പ്പെടുന്നത് അനിവാര്യമാകുന്നു.

റോമ. 13:6 ഇത് നിമിത്തം നിങ്ങൾ നികുതികൾ അടയ്ക്കുന്നു; അവർ ഈ കാര്യം തന്നെ നിരന്തരം ശ്രദ്ധിക്കുന്ന ദൈവത്തിന്റെ ഉദ്യോഗസ്ഥരല്ലോ.

റോമ. 13:7 കടമായത് എല്ലാവർക്കും മടക്കിക്കൊടുക്കുവിൻ: നികുതി കൊടുക്കേണ്ടവന് നികുതി, ചുങ്കം കൊടുക്കേണ്ടവന് ചുങ്കം, ഭയം കൊടുക്കേണ്ടവന് ഭയം, ബഹുമാനം കൊടുക്കേണ്ടവന് ബഹുമാനം.

യോഹ. 19:10 അതുകൊണ്ട് പീലാത്തൊസ് അവനോട്, നീ എന്നോട് സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ വിട്ടയയ്ക്കുവാൻ അധികാരമുണ്ട്, നിന്നെ ക്രൂശിക്കുവാനും അധികാരമുണ്ട് എന്നു നീ അറിയുന്നുവോ? എന്നു ചോദിച്ചു.

യോഹ. 19:11 യേശു അവനോട്, മുകളിൽനിന്ന് നൽകിയിട്ടല്ലാതെ എനിക്കെതിരെ നിനക്ക് ഒരു അധികാരവും ഉണ്ടാകുകയില്ല; ഇക്കാരണത്താൽ എന്നെ നിനക്ക് ഏൽപ്പിച്ചവന് അധികം പാപമുണ്ട്.

2 കൊരി. 10:8 നിങ്ങളെ മറിച്ചിടുവാനല്ല നിങ്ങളെ കെട്ടുപണി ചെയ്യുവാനായി കർത്താവ് നൽകിയിരിക്കുന്ന ഞങ്ങളുടെ അധികാരത്തെക്കുറിച്ച് അത്യധികം പ്രശംസിച്ചാൽ കൂടി, ഞാൻ ലജ്ജിച്ചുപോകുകയില്ല.

2 കൊരി. 13:10 മറിച്ചിടുവാനല്ല കെട്ടുപണി ചെയ്യുവാൻ കർത്താവ് എനിക്ക് നൽകിയിരിക്കുന്ന അധികാരത്തിനൊത്തവണ്ണം, കൂടെയുള്ളപ്പോൾ കർക്കശത പ്രയോഗിക്കാതിരിക്കേണ്ടതിനാകുന്നു, അകലെയായിരിക്കുമ്പോൾ ഞാൻ ഈ കാര്യങ്ങൾ എഴുതുന്നു.

B. ആത്മികാധികാരത്തിന് രണ്ടു വശങ്ങളുണ്ട്:

1. അനുലോമപരമായ വശം വിശുദ്ധന്മാരെ സേവിക്കുകയും, അവരെ മേയ്ക്കുകയും, അവർക്ക് സഹായം നൽകുകയും, അവരെ കെട്ടുപണി ചെയ്യുകയും ചെയ്യുന്നതാണ്—മത്താ. 20:25-28; 2:6; 24:45; 2 കൊരി. 10:8.

മത്താ. 20:25 എന്നാൽ യേശു അവരെ തന്റെ അടുക്കൽ വിളിച്ച് അവരോടു പറഞ്ഞു, ജാതികളുടെ അധിപന്മാർ അവരുടെമേൽ കർത്തൃത്വം

നടത്തുകയും, വലിയവർ അവരുടെമേൽ അധികാരം പ്രയോഗിക്കുകയും ചെയ്യുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

മത്താ. 20:26 നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്; എന്നാൽ, നിങ്ങളുടെ ഇടയിൽ ആരെങ്കിലും വലിയവനാകുവാൻ ഇച്ഛിച്ചാൽ, അവൻ നിങ്ങളുടെ സേവകൻ ആകേണം.

മത്താ. 20:27 നിങ്ങളുടെ ഇടയിൽ ആരെങ്കിലും ഒന്നാമനാകുവാൻ ഇച്ഛിച്ചാൽ, അവൻ നിങ്ങളുടെ അടിമ ആകേണം.

മത്താ. 20:28 മനുഷ്യപുത്രനും ശുശ്രൂഷിക്കപ്പെടുവാനല്ല, മറിച്ച് ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാനും വന്നതു പോലെ തന്നെ.

മത്താ. 2:6 "നീയോ ബേത്‌ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ നിന്നിൽനിന്നു പുറപ്പെട്ടുവരും.

മത്താ. 24:45 അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു?

2 കൊരി. 10:8 നിങ്ങളെ മറിച്ചിടുവാനല്ല നിങ്ങളെ കെട്ടുപണി ചെയ്യുവാനായി കർത്താവ് നൽകിയിരിക്കുന്ന ഞങ്ങളുടെ അധികാരത്തെക്കുറിച്ച് അത്യധികം പ്രശംസിച്ചാൽ കൂടി, ഞാൻ ലജ്ജിച്ചുപോകുകയില്ല.

2. പ്രതിലോമവശം ശത്രുവിനോടും അവനോടു ബന്ധപ്പെട്ട കാര്യങ്ങളോടും ഇടപെടുന്നതാണ്.

C. ദൈവത്തിന്റെ ഏകജാതനായ പുത്രനെന്ന നിലയിൽ തന്റെ ദിവ്യത്വത്തിൽ കർത്താവിന് സകലത്തിന്റെമേലും അധികാരമുണ്ടായിരുന്നു—മത്താ. 28:18.

മത്താ. 28:18 യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

D. എങ്കിലും, മനുഷ്യപുത്രനും സ്വർഗീയരാജ്യത്തിന്റെ രാജാവുമെന്ന നിലയിൽ അവന്റെ മനുഷ്യത്വത്തിൽ, അവന്റെ പുനരുത്ഥാനത്തിനുശേഷം സ്വർഗത്തിലും ഭൂമിയിലുമുള്ള അധികാരം അവന് നൽകപ്പെട്ടു.

**II. "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുത്തിക്കൊണ്ട്... സകലജാതികളെയും ശിഷ്യരാക്കുവിൻ"—വാ. 19-20.**

A. സകല അധികാരവും അവന് നൽകപ്പെട്ടിരിക്കുന്നതുകൊണ്ട് (വാ. 18) സകല ജാതികളെയും ശിഷ്യരാക്കുവാൻ സ്വർഗീയ രാജാവ് തന്റെ ശിഷ്യന്മാരെ അയച്ചു.

മത്താ. 28:18 യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

B. അവർ അവന്റെ അധികാരത്തോടുകൂടെ പോകുന്നു.

C. ജാതികളെ ശിഷ്യരാക്കുന്നത്, ഇന്ന് ഭൂമിയിലുള്ള, സഭ എന്ന അവന്റെ രാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി വിജാതീയരെ രാജ്യജനമാക്കുന്നതാണ്.

D. അനുതപിച്ച ജനം രാജ്യജനമായിത്തീരേണ്ടതിന് അവരുടെ പഴയ ജീവനെ അവസാനിപ്പിച്ചുകൊണ്ടും ക്രിസ്തുവിന്റെ പുതിയ ജീവൻകൊണ്ട് അവരെ

ജനിപ്പിച്ചുകൊണ്ടും സ്നാനം അവരെ തങ്ങളുടെ പഴയ സ്ഥിതിയിൽനിന്നും പുതിയ ഒന്നിലേക്ക് കൊണ്ടുവരുന്നു.

E. നാമത്തിലേക്ക് എന്നതിലെ *ലേക്ക്* റോമർ 6:3-ലും ഗലാത്യർ 3:27-ലും എന്നപോലെ ഐക്യത്തെ സൂചിപ്പിക്കുന്നു:

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

1. ഇതേ യവനപദം പ്രവൃത്തികൾ 8:16; 19:5; 1 കൊരിന്ത്യർ 1:13, 15 എന്നീ വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

പ്രവൃ. 8:16 എന്തെന്നാൽ പരിശുദ്ധാത്മാവ് അതുവരെ അവരിൽ ആരുടെയും മേൽ വന്നിട്ടില്ലായിരുന്നു, അവർ കർത്താവായ യേശുവിന്റെ, നാമത്തിലേക്ക് സ്നാനപ്പെടുക മാത്രമേ ചെയ്തിരുന്നുള്ളൂ.

പ്രവൃ. 19:5 ഇതു കേട്ടപ്പോൾ, അവർ കർത്താവായ യേശുവിന്റെ നാമത്തിലേക്കു സ്നാനപ്പെട്ടു.

1 കൊരി. 1:13 ക്രിസ്തു വിഭാഗിക്കപ്പെട്ടുവോ? പൗലൊസ് നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ലെങ്കിൽ പൗലൊസിന്റെ നാമത്തിലേക്കോ നിങ്ങൾ സ്നാനമേറ്റത്?

1 കൊരി. 1:15 ക്രിസ്പൊസും ഗായൊസും ഒഴികെ നിങ്ങളിൽ ആരെയും ഞാൻ സ്നാനപ്പെടുത്താത്തതിനാൽ ദൈവത്തിന് നന്ദി ചൊല്ലുന്നു.

2. ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് ജനത്തെ സ്നാനപ്പെടുത്തുന്നത് അവനുമായി ആത്മികവും മാർമികവുമായ ഒരു ഐക്യത്തിലേക്ക് അവരെ കൊണ്ടുവരുന്നതാണ്.

F. ദിവ്യ ത്രിത്വത്തിന് ഒരു നാമമാണുള്ളത്:

1. നാമം ദിവ്യ ആളത്തത്തിന്റെ ആകത്തുകയാണ്, അവനാകുന്ന വ്യക്തിക്കു തുല്യമാണ്.
2. ഒരുവനെ ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് സ്നാനപ്പെടുത്തുന്നത് ത്രിയേക ദൈവമായിരിക്കുന്ന സകലത്തിലേക്കും അവനെ നിമജ്ജനം ചെയ്യുന്നതാണ്.

G. രാജ്യം സംരചിക്കുന്നതിനുവേണ്ടി, മൂവർക്കും—പിതാവും, പുത്രനും, ആത്മാവും—ഒരു നാമം നൽകിക്കൊണ്ട് മത്തായി ദിവ്യ ത്രിത്വത്തിന്റെ യാഥാർഥ്യത്തെ വെളിവാക്കുന്നു:

1. മത്തായി ഒന്നാം അധ്യായത്തിൽ പരിശുദ്ധാത്മാവും (1:18), പുത്രനായ ക്രിസ്തുവും (വാ. 18), പിതാവായ ദൈവവും (വാ. 23) മനുഷ്യനായ യേശുവിന്റെ ഉൽപ്പാദനത്തിനുവേണ്ടി (വാ. 21) സന്നിഹിതരാണ്; രക്ഷകനായ യഹോവയും നമ്മോടുകൂടെയുള്ള ദൈവവുമെന്ന നിലയിൽ യേശു ത്രിയേക ദൈവത്തിന്റെ ദേഹരൂപമാണ്.

മത്താ. 1:18 യേശു ക്രിസ്തുവിന്റെ ഉത്ഭവം ഇപ്രകാരം ആയിരുന്നു: അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം, അവർ കൂടിവരുമ്മുമ്പേ, പരിശുദ്ധാത്മാവിൽനിന്ന് ഗർഭിണിയായി കാണപ്പെട്ടു.

മത്താ. 1:23 “ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ

അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും” (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു).

മത്താ. 1:21 അവൾ ഒരു പുത്രനെ പ്രസവിക്കും, നീയോ അവനു യേശു എന്നു പേർ വിളിക്കേണം, എന്തെന്നാൽ അവൻതന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും.

2. പുത്രൻ തുറന്ന ആകാശത്തിൻകീഴിൽ സ്നാനജലത്തിൽ നിൽക്കുന്നതും, ആത്മാവ് ഒരു പ്രാവെന്നപോലെ പുത്രന്റെമേൽ ഇറങ്ങിവരുന്നതും, പിതാവ് സ്വർഗത്തിൽനിന്നും പുത്രനോട് സംസാരിക്കുന്നതുമായ ഒരു കാഴ്ച മൂന്നാം അധ്യായത്തിൽ മത്തായി അവതരിപ്പിക്കുന്നു—വാ. 16-17.

Matt 3 be omitted.

മത്താ. 3:16 സ്നാനപ്പെട്ട ശേഷം, യേശു ഉടനെ വെള്ളത്തിൽനിന്നു കയറി, ഇതാ, സ്വർഗം അവനു തുറക്കപ്പെട്ടു, ദൈവത്തിന്റെ ആത്മാവ് ഒരു പ്രാവെന്നപോലെ ഇറങ്ങി അവന്റെമേൽ വരുന്നത് അവൻ കണ്ടു.

മത്താ. 3:17 ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഇതാ, സ്വർഗത്തിൽ നിന്ന് ഒരു ശബ്ദം ഉണ്ടായി.

3. പന്ത്രണ്ടാം അധ്യായത്തിൽ പിതാവായ ദൈവത്തിന്റെ രാജ്യത്തെ കൊണ്ടുവരാൻ പുത്രൻ മനുഷ്യനെന്ന വ്യക്തിയിൽ ആത്മാവിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു—വാ. 28.

Matt 12 be omitted.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

4. പതിനാറാം അധ്യായത്തിൽ രാജ്യത്തിന്റെ ജീവനാഡിയായ സഭയുടെ കെട്ടുപണിക്കുവേണ്ടി പിതാവ് പുത്രനെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തു—വാ. 16-19.

Matt 16 be omitted.

മത്താ. 16:16 ശിമോൻ പത്രൊസ് ഉത്തരം നൽകി, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു, എന്നു പറഞ്ഞു.

മത്താ. 16:17 യേശു അവന് ഉത്തരം നൽകി, ശിമോൻ ബർയോനായേ, നീ അനുഗൃഹീതനാകുന്നു; കാരണം ജഡരക്തമല്ല നിനക്ക് ഇതു വെളിപ്പെടുത്തിയത്, സ്വർഗസ്ഥനായ എന്റെ പിതാവത്രേ.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

മത്താ. 16:19 സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും, ഭൂമിയിൽ നീ എന്ത് ബന്ധിക്കുന്നുവോ അതു സ്വർഗത്തിൽ ബന്ധിക്കപ്പെട്ടതായിരിക്കും, ഭൂമിയിൽ നീ എന്ത് അഴിക്കുന്നുവോ അതു സ്വർഗത്തിൽ അഴിക്കപ്പെട്ടതായിരിക്കും.

5. പതിനേഴാം അധ്യായത്തിൽ രാജ്യത്തിന്റെ പ്രത്യക്ഷതയുടെ ഒരു ചെറുപതിപ്പ് പ്രദർശിപ്പിച്ചുകൊണ്ട് (16:28) പുത്രൻ കായാന്തരത്തിലേക്ക് പ്രവേശിക്കുകയും (വാ. 2) പിതാവിന്റെ പ്രസാദവാക്കിനാൽ ഉറപ്പിക്കപ്പെടുകയും ചെയ്തു (വാ. 5).

Matt 17 be omitted.

മത്താ. 17:2 അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ

വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു.

മത്താ. 17:5 അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ, പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി.

മത്താ. 16:28 മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുംവരെ ഒരു വിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിൽ ഉണ്ട് എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

6. ഒടുവിൽ, മത്തായിയുടെ അവസാന അധ്യായത്തിൽ, ഒടുക്കത്തെ ആദാമായ ക്രിസ്തു ക്രൂശുമരണത്തിന്റെ പ്രക്രിയയിലൂടെ കടന്നുപോകുകയും, പുനരുത്ഥാനത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിക്കുകയും, ജീവൻ-നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തശേഷം, ദിവ്യ ത്രിത്വത്തിന്റെ നാമത്തിലേക്ക്, വ്യക്തിയിലേക്ക്, യാഥാർഥ്യത്തിലേക്ക് വിജാതീയരെ സ്നാനപ്പെടുത്തിക്കൊണ്ട് അവരെ രാജ്യജനമാക്കുവാൻ ശിഷ്യന്മാരോട് ആജ്ഞാപിക്കേണ്ടതിന് തന്റെ പുനരുത്ഥാനത്തിന്റെ അന്തരീക്ഷത്തിലും യാഥാർഥ്യത്തിലും തന്റെ ശിഷ്യന്മാരുടെ അടുക്കലേക്ക് അവൻ മടങ്ങിവന്നു.

Matt 28 be omitted.

7. മത്തായിയുടെ സുവിശേഷമനുസരിച്ച്, പിതാവിന്റെയും, പുത്രന്റെയും, ആത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുന്നത് സ്വർഗരാജ്യം സംരചിക്കുന്നതിനു വേണ്ടിയാണ്.

8. ഒരു ഭൗമിക സമൂഹമെന്നപോലെ, സ്വർഗീയ രാജ്യം ജഡരക്തങ്ങളോടുകൂടിയ മനുഷ്യരാൽ രൂപപ്പെടുത്തുവാൻ കഴിയുകയില്ല (പ്ര.നി. 1 കൊരി. 15:50); ത്രിയേക ദൈവവുമായുള്ള ഐക്യത്തിലേക്ക് നിമജ്ജനം ചെയ്യപ്പെട്ടവരും തങ്ങളിലേക്ക് പണിതുചേർക്കപ്പെട്ട ത്രിയേക ദൈവത്താൽ ഉറപ്പിക്കപ്പെടുകയും പണിയപ്പെടുകയും ചെയ്തവരുമായ ജനത്താൽ മാത്രമേ അത് സംരചിക്കപ്പെടുവാൻ കഴിയുകയുള്ളൂ.

1 കൊരി. 15:50 സഹോദരന്മാരേ, ജഡരക്തത്തിന് ദൈവരാജ്യം അവകാശമാക്കുവാൻ കഴിയില്ല, ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുന്നതും ഇല്ല എന്നു ഞാൻ പറയുന്നു.

**III. "ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും [തന്നെ]. ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്"—മത്താ. 28:20:**

A. കർത്താവ് കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ വിശ്വാസികളെ ഉപദേശിക്കുന്നത് സകല ജാതികളെയും ശിഷ്യരാക്കുന്നതിനുവേണ്ടിയാണ്—വാ. 19.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

B. ദൈവം നമ്മോടുകൂടെയുള്ള ഇമ്മാനുവേലാണ് സ്വർഗീയ രാജാവ്—1:23.

മത്താ. 1:23 "ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും" (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു).

C. തന്മൂലം, അവന്റെ നാമത്തിലേക്ക് നാം കൂടിവരുന്നിടത്തെല്ലാം അവൻ നമ്മുടെ നടുവിലുണ്ട്—18:20.

D. അങ്ങനെ, അവന് ഒരിക്കലും തന്റെ വിശ്വാസികളെ വിട്ടുപോകുവാൻ കഴിയുകയില്ല, വിട്ടുപോകുകയുമില്ല.

E. താൻ മടങ്ങിവരുവോളം തന്റെ ജനത്തോടുകൂടെ തുടർമാനമായി ഉണ്ടായിരിക്കുന്ന ഇമ്മാനുവേലെന്ന നിലയിൽ കർത്താവ് സ്വർഗീയ രാജാവാണെന്ന് മത്തായി തെളിയിക്കുന്നു.

F. യുഗത്തിന്റെ പരിണതി ഈ യുഗത്തിന്റെ അവസാനമാണ്, അത് കർത്താവിന്റെ വരവായ കർത്താവിന്റെ പറൂസിയയുടെ സമയമാണ്:

1. *പരിണതി* എന്ന പദം അർഥമാക്കുന്നത് പൂർത്തീകരണത്തിലേക്കോ നിറവേറലിലേക്കോ കൊണ്ടുവരുന്ന ഒരു പ്രക്രിയ ഉണ്ടെന്നാണ്.
2. മത്തായി 28:20-ൽ *യുഗത്തിന്റെ പരിണതി* സഭായുഗമായ ഇപ്പോഴത്തെ യുഗത്തിന്റെ അവസാനത്തെ സൂചിപ്പിക്കുന്നു.

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

3. യുഗത്തിന്റെ പരിണതി മഹോപദ്രവത്തിന്റെ മൂന്നരവർഷമായിരിക്കും—ദാനീ. 12:4, 6-7, 9.

ദാനീ. 12:4 നീയോ ദാനീയേലേ, അന്ത്യകാലംവരെ ഈ വചനങ്ങളെ അടച്ചു പുസ്തകത്തിന്നു മുദ്രയിടുക; പലരും അതിനെ പരിശോധിക്കയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും.

ദാനീ. 12:6 എന്നാൽ ഒരുവൻ ശണവസ്ത്രം ധരിച്ചു നദിയിലെ വെള്ളത്തിന്മീതെ നില്ക്കുന്ന പുരുഷനോടു: ഈ അതിശയകാര്യങ്ങളുടെ അവസാനം എപ്പോൾ വരും എന്നു ചോദിച്ചു.

ദാനീ. 12:7 ശണവസ്ത്രം ധരിച്ചു നദിയിലെ വെള്ളത്തിന്മീതെ നില്ക്കുന്ന പുരുഷൻ വലങ്കയ്യും ഇടങ്കയ്യും സ്വർഗ്ഗത്തേക്കുയർത്തി: എന്നേക്കും ജീവിച്ചിരിക്കുന്നവനാണ, ഇനി കാലവും കാലങ്ങളും കാലാർദ്ധവും ചെല്ലും; അവർ വിശുദ്ധജനത്തിന്റെ ബലത്തെ തകർത്തുകളഞ്ഞശേഷം ഈ കാര്യങ്ങൾ ഒക്കെയും നിവൃത്തിയാകും എന്നിങ്ങനെ സത്യം ചെയ്യുന്നതു ഞാൻ കേട്ടു.

ദാനീ. 12:9 അതിന്നു അവൻ ഉത്തരം പറഞ്ഞതു: ദാനീയേലേ, പൊയ്ക്കൊൾക; ഈ വചനങ്ങൾ അന്ത്യകാലത്തേക്കു അടച്ചും മുദ്രയിട്ടും ഇരിക്കുന്നു.

4. മത്തായി 24:6-ൽ സംസാരിച്ചിരിക്കുന്ന *അവസാനം* യുഗത്തിന്റെ പരിണതിയാണ്, അത് മഹോപദ്രവത്തിന്റെ മൂന്നര വർഷമായിരിക്കും (ഏഴാമത്തെ ആഴ്ചവട്ടത്തിന്റെ അവസാന പകുതി).

മത്താ. 24:6 നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കേൾക്കും. പരിഭ്രമപ്പെടാതിരിക്കുവാൻ നോക്കിക്കൊള്ളുവിൻ, എന്തെന്നാൽ അതു സംഭവിക്കേണം; എന്നാൽ അവസാനം അപ്പോഴും ആയിട്ടില്ല.

5. യുഗത്തിന്റെ പരണതി ലോകത്തിന്റെ അവസാനമല്ല, മറിച്ച് സഭായുഗത്തിന്റെ, കൃപായുഗത്തിന്റെ പൂർത്തീകരണമാണ്; ഈ യുഗം പൂർത്തീകരണത്തോട് വളരെ അടുത്തിരിക്കുന്നു.
6. യുഗത്തിന്റെ പരിണതിയോളം, അതായത്, ഈ യുഗത്തിന്റെ അവസാനത്തോളം, കർത്താവ് തന്റെ പുനരുത്ഥാനത്തിൽ എല്ലാ നാളും നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്ന് അവൻ വാഗ്ദത്തം ചെയ്തു.